**നാടിനെ രക്ഷിച്ച വീര ബാഹ**
**പാഠാസൂത്രണം**

**ക്ലാസ് :2** **തീയതി :**
**യൂണിറ്റ് :3** **പിരീഡ് :**

**മലയാളം**

**ആശയങ്ങൾ /ധാരണകൾ**
*ആശയവിനിമയത്തിലെ പ്രധാന ഘടകമാണ് വാചികമായ ആശയ പ്രകടനം.
*കഥകൾ വികസിപ്പിച്ച് എഴുതുന്നത് സർഗ്ഗാത്മകശേഷിയുടെ പ്രകടനമാണ് .
*ആത്മാംശമുള്ള ഭാഷാ പ്രയോഗത്തിലൂടെ വ്യക്തിപരമായ കാര്യങ്ങളാണ് ഡയറിയിലൂടെ പ്രതിപാദിക്കുന്നത്.
*വായനയിലൂടെ ഗ്രഹിച്ച ആശയം ഭാഗികമായി അവതരിപ്പിക്കുന്നത് സവിശേഷ ഭാഷാശേഷിയാണ്.
*കവിതയിലെ വരികൾ ഈണത്തിലും താളത്തിലും ആസ്വദിക്കുകയും സർഗ്ഗാത്മകതയോടെ അതിനെ വികസിപ്പിക്കുകയും ചെയ്യുന്നത് മികച്ച ഭാഷാശേഷിയാണ് .
*വായനയിലൂടെയുള്ള ആശയ ഗ്രഹണം, ഗ്രഹിച്ച ആശയങ്ങളുടെ വാചികമായ പ്രകടനം എന്നിവ ഭാഷ നൈപുണികളാണ്. *

**പഠനനേട്ടങ്ങൾ**
*കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചകമായി അവതരിപ്പിക്കുന്നു /അഭിനയിക്കുന്നു.
*കഥയുടെ തുടർച്ച കഥാംശം ചോർന്നുപോകാതെ എഴുതുന്നു,
*ദൈനംദിന അനുഭവങ്ങൾ ചേർത്ത് ഡയറി എഴുതുന്നു .
*വായനാ സാമഗ്രികൾ വായിച്ച് ആശയം ചുരുക്കി പറയുന്നു .
*താളം ഉൾക്കൊണ്ട് വരികൾ കൂട്ടിച്ചേർത്ത് എഴുതുകയും പാടുകയും ചെയ്യുന്നു ,
*സ്വായത്തമാക്കിയ പദങ്ങൾ കൂട്ടിച്ചേർത്ത് ആശയപൂർണതയോടെ വാക്യങ്ങൾ എഴുതുന്നു , ഭാഷാകേളികളിലേർപ്പെടുന്നു .
*അറിയിപ്പുകൾ തുടങ്ങിയവ വായിച്ച് ആശയം പറയുന്നു.

**പ്രകടിത രൂപം**
ശ്രാവ്യ വായന, അഭിനയം, ലേഖനം, വർക്ക് ഷീറ്റ്, അറിയിപ്പ് തയ്യാറാക്കൽ, കടങ്കഥപ്പയറ്റ് , ഡയറി, പട്ടിക ( ലേഖനം )
**സാമഗ്രികൾ**
ടി. ബി. ചിത്രം, കുഞ്ഞവറാൻ കവിത, 'നാടിനെ രക്ഷിച്ച വീര ബാഹ ' ഈ അക്ഷരങ്ങളെഴുതിയ കാർഡുകൾ., ടി. ബി. പാഠഭാഗം, കഥയുടെ വിവിധ ഭാഗങ്ങൾ എഴുതിയത്, വർക്ക് ഷീറ്റ്, പദങ്ങളുടെ ചാർട്ട്, കടങ്കഥാ പുസ്തകം,

**മൂല്യങ്ങൾ / മനോഭാവങ്ങൾ**
ജീവിതശൈലീ രോഗങ്ങൾക്കെതിരെ മുൻ കരുതലുകൾ എടുക്കാനുള്ള പ്രായോഗികാനുഭവം, മനോഭാവം.

**പരിസര പഠനം**

**ആശയങ്ങൾ /ധാരണകൾ**
*പലതരം രോഗങ്ങളുണ്ട് ,
*രോഗങ്ങൾ പകരുന്നവയും പകരാത്തവയുമുണ്ട് .
*വ്യക്തിശുചിത്വവും പരിസരശുചിത്വവും പാലിക്കുന്നതിലൂടെ പല രോഗങ്ങളെയും തടയാൻ കഴിയും .
*ശരീരാവയവങ്ങൾ സംരക്ഷിക്കേണ്ടത് ആരോഗ്യസംരക്ഷണത്തിന് അത്യാവശ്യമാണ് .
*ശുചീകരണത്തിന് പല ഉപകരണങ്ങളുമുണ്ട് .
*ആരോഗ്യത്തിന് വ്യായാമവും വിശ്രമവും ആവശ്യമാണ് ,
**പഠനനേട്ടങ്ങൾ**
*നിരീക്ഷണം , വായന
അനുഭവങ്ങൾ പങ്കുവെക്കൽ എന്നിവയിലൂടെ പകരുന്നവയും പകരാത്തവയുമായ രോഗങ്ങൾ തിരിച്ചറിയുന്നു .
*ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നു .
*വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉറപ്പാക്കാനാവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുന്നു .
*ശുചീകരിക്കുന്നതിനുപയോഗിക്കുന്ന ഉപകരണങ്ങൾ തിരിച്ചറിഞ്ഞ് തരംതിരിക്കുന്നു. ശുചീകരണ ഉപകരണങ്ങളുടെ മാതൃക നിർമ്മിക്കുന്നു.

**പ്രക്രിയാ ശേഷികൾ**
നിരീക്ഷണം, വർഗീകരണം, പട്ടികപ്പെടുത്തൽ
**പ്രകടിത രൂപം**
ശുചീകരണ ഉപകരണങ്ങൾ ( മാതൃകകൾ )
രോഗങ്ങൾ - പട്ടിക, വർക്ക് ഷീറ്റ്, ചിത്രങ്ങൾ

**സാമഗ്രികൾ**

ചാർട്ട്, ക്രയോൺസ്,, പോസ്റ്റർ

**മൂല്യം / മനോഭാവം**

*വ്യക്തി ശുചിത്വം, പരിസര പരിസര ശുചിത്വം  എന്നിവയിലൂടെ വിവിധ രോഗങ്ങളെ പ്രതിരോധിക്കാനുള്ള മനോഭാവം.

## കലാകായിക ആരോഗ്യ പ്രവൃത്തിപഠനം

**ആശയങ്ങൾ  /ധാരണകൾ**
*ആശയങ്ങൾ അവതരിപ്പിക്കാനുള്ള ഒരു മാർഗമാണ് ചിത്രീകരണം.
* കവിതകൾ താളാത്മകമായി ചൊല്ലുന്നത് ആസ്വാദന ക്ഷമത വർദ്ധിപ്പിക്കും .
*നിർദ്ദേശാനുസരണം  താളത്തോടെ ചുവടുകൾ   വയ്ക്കൽ .
* ചുവടുവയ്പ്പിലെ    താളാത്മകത അഭിനയ കലയിലേക്കുള്ള ( നൃത്തം ) ആദ്യപടിയാണ്. *. ശുചീകരണത്തിനാവശ്യമായ ഉപകരണങ്ങൾ നിർമിക്കൽ , ആവശ്യമായ വസ്തുക്കൾ ശേഖരിക്കൽ എന്നിവ ശുചിത്വബോധത്തിന്റെ ഉപയോഗത്തിലേക്ക്   കുട്ടികളെ നയിക്കുന്നു.
*വ്യായാമം ആരോഗ്യത്തിന് അത്യാവശ്യമാണ്.

**പഠനനേട്ടങ്ങൾ**
*ശുചീകരണ ഉപകരണങ്ങൾ നിരീക്ഷിച്ച്  ചിത്രീകരിക്കുന്നു.
*താളം , ഈണം എന്നിവ പാലിച്ച് കവിതകൾ ഒറ്റയ്ക്കും സംഘമായും ആലപിക്കുന്നു .
*കാലാനുസൃതമായി ചുവടുകൾ വച്ച് അഭിനയിക്കുന്നു.
*ഇഷ്ടപ്പെട്ട കഥാസന്ദർഭങ്ങൾ അംഗ ചലനങ്ങളും ഭാവങ്ങളും സമന്വയിപ്പിച്ച് അഭിനയിക്കുന്നു .
*ശുചീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ വസ്തുക്കൾ നിർമിക്കുന്നു .
*പലതരം വ്യായാമങ്ങളിലൂടെ    ശരീര ചലനശേഷികൾ വികസിപ്പിക്കുന്നു.

**പ്രകടിത രൂപം**
അഭിനയം, ചിത്രങ്ങൾ, ശുചീകരണ ഉപകരണങ്ങൾ ( മാതൃകകൾ ),പാവകൾ

**ചിത്രവായന**
*എന്തൊക്കെയാണ് ചിത്രത്തിലുള്ളത്?
* ആരൊക്കെയാണ് ചിത്രത്തിലുള്ളത് ?
*അവരെന്തൊക്കെ ചെയ്യുന്നു?  ചിത്രത്തിലെ കഥാപാത്രങ്ങളുടെ മുഖഭാവം നോക്കു അവർ എന്തെല്ലാം ആയിരിക്കും സംസാരിച്ചിരിക്കുക?
* എവിടെവച്ചായിരിക്കും ഈ കഥ നടക്കുന്നത് ?
*ഈ പാഠത്തിന്റെ  തലക്കെട്ട് എന്താണ്?
*ഈ കഥയുടെ ഉള്ളടക്കം എന്താണെന്ന് ഊഹിച്ചു പറയാമോ?

നിങ്ങൾ പറയുന്നത് ശരിയാണോ എന്ന് വായിച്ചു കണ്ടെത്തൂ...

കുഞ്ഞവറാനെക്കുറിച്ചുള്ള പാട്ട്  വീഡിയോ ഓഡിയോ

കൂടെ ഓഡിയോ കേൾപ്പിക്കുന്നു കൂടെ കുട്ടികളും ഏറ്റുപാടുന്നു.

*കുഞ്ഞവറാന് എന്താണ് പറ്റിയത് ?
*എന്തായിരിക്കും കാരണം ?

ഇതുപോലെ അമിത ആഹാരത്തിൽ മാത്രം തൽപരനായ ഒരു രാജാവിൻറെ കഥ പാഠപുസ്തകത്തിൽ ഉണ്ട് വായിച്ച് നോക്കാം.

**പാഠഭാഗത്തേക്ക്**

വ്യക്തിഗത വായന

പരിചയമില്ലാത്ത വാക്കുകളുടെ അടിയിൽ വരയ്ക്കൽ
ഗ്രൂപ്പിൽ വായന

ടീച്ചറുടെ ശ്രാവ്യവായന

**പറയാം എഴുതാം**

വർക്ക് ഷീറ്റ് 1 നൽകുന്നു . കുട്ടികൾ സ്വതന്ത്രമായും വ്യക്തിഗതമായി പൂരിപ്പിക്കുന്നു
അവതരണം
പൊതുചർച്ച

**എത്ര വാക്കുകൾ**

ചികിത്സിക്കാനെത്തി - ചികിത്സിക്കാൻ , എത്തി

കൊട്ടാരത്തിലെത്തി - കൊട്ടാരത്തിൽ , എത്തി

കൂടുതൽ പദങ്ങൾ കണ്ടെത്തൂ..,, കണ്ടെത്തൽ

**കൂട്ടത്തിൽ പെടാത്തവ ഏത്?**

വ്യക്തിഗത വായന

കൂട്ടത്തിൽ പെടാത്തവയ്ക്ക് വട്ടം വരക്കൽ, * എന്തുകൊണ്ട് കൂട്ടത്തിൽ പെടില്ല?

വ്യായാമം ചെയ്യാം
ചിത്രത്തിൽ കാണുന്നത് പോലെ ചെയ്തു നോക്കൂ...

**വാക്യം മാറ്റി എഴുതാം**

അടിവരയിട്ട വാക്കിനു പകരം യോജിച്ച വാക്ക് തിരഞ്ഞെടുത്ത് വാക്യം മാറ്റിയെഴുതൂ.....

ശുചിത്വമുള്ള നാട്ടിൽനിന്നു രോഗങ്ങൾ ഇല്ലാതാകും.

(പൂർണ്ണമാകും , പടി കടക്കും . തല കുലുക്കും )

കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തൽ
കണ്ടെത്തൂ....

പുസ്തകത്തിലേക്ക്

**ഉറക്കെ വായിക്കാം**

* പ്രജകൾ *വിചാരം *ഏമ്പക്കം *വിളംബരം

**വാക്യം എഴുതാം**

കഷ്ടി എന്ന പദം വരുന്ന പുതിയ വാക്യങ്ങൾ എഴുതുക എഴുതൂ...

ചോറുണ്ടാക്കാൻ അരി കഷ്ടിയാണ്.

കഷ്ടി എന്ന വാക്കിനു പകരം ഉപയോഗിക്കുന്ന പദങ്ങൾ ഏതൊക്കെ ?

കുറവ്, കമ്മി
ഇവ ഉപയോഗിച്ച് വാക്യം മാറ്റിയെഴുതൂ...

കുട്ടികളുടെ വ്യക്തിഗത രചന പൊതുചർച്ച മെച്ചപ്പെടുത്തി എഴുതൽ

വാക്കുകൾക്ക് അടിയിൽ വരയ്ക്കാം

പാഠഭാഗം വീണ്ടും വായന

താഴെ കൊടുത്ത വാക്കുകൾ വരുന്ന വാക്യങ്ങൾ പാഠഭാഗത്തു നിന്ന് കണ്ടെത്തി അടിയിൽ വരയ്ക്കൂ..... വരക്കൽ

* പ്രജകൾ * ചികിത്സ * വിളംബരം
* ചീർത്തു * കൽപ്പിച്ചു *കഷ്ടി

പുതിയ പദങ്ങൾ കണ്ടെത്തൽ
അർത്ഥം -ചർച്ച

**പറയാം**

ജനങ്ങൾ ശുചിത്വം പാലിക്കുന്നുണ്ടോ എന്നറിയാൻ രാജാവ് വേഷം മാറി നാട്ടിലാകെ സഞ്ചരിച്ചു. രാജാവ് എന്തെല്ലാം കാര്യങ്ങൾ പരിശോധിച്ചിട്ടുണ്ടാവും?
വ്യക്തിഗത രചന
ശുചിത്വ ശീലങ്ങളെക്കുറിച്ച് ചർച്ച

**എഴുതാം**

ബാബു മിക്ക ദിവസങ്ങളിലും ക്ലാസ്സിൽ വരാറില്ല . എന്നും ഓരോരോ അസുഖങ്ങൾ. ചില ദിവസങ്ങളിൽ പല്ലുവേദന , മറ്റുചിലപ്പോൾ വയറുവേദന, ഛർദ്ദിയും വയറിളക്കവും ഉണ്ടാകാറുണ്ട് . കിട്ടിയതൊക്കെ വാരി വലിച്ചു തിന്നും . പലപ്പോഴും കൈകഴുകില്ല . പല്ലു തേക്കാനും കുളിക്കാനുമെല്ലാം മടിയാണ് . നഖമൊക്കെ നീണ്ട് ചെളി കെട്ടിനിൽക്കുന്നു . ഫലമോ, വിട്ടുമാറാത്ത അസുഖങ്ങൾ .

ചർച്ച
* ബാബു എന്തുകൊണ്ടാണ് ക്ലാസിൽ വരാതിരിക്കുന്നത്?
*അവന് എന്തൊക്കെ അസുഖങ്ങളാണ് വന്നത്.?
* ബാബുവിന് അസുഖം വരാൻ കാരണമെന്ത്?
*രോഗം വരാതിരിക്കാൻ നാം എന്തെല്ലാം ചെയ്യണം?
പൊതു ചർച്ച
ക്രോഡീകരണം

ബാബുവിന്റെ രോഗങ്ങൾ മാറാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നിങ്ങൾ നൽകുക ? എഴുതൂ...

**ചിത്രനിരീക്ഷണം**

ചിത്രത്തിൽ എന്തെല്ലാം ?
പരിസര ശുചിത്വം ഇല്ലായ്മ -ചർച്ച
**വർക്ക് ഷീറ്റ് -2** വിതരണം ചെയ്യുന്നു
വ്യക്തിഗതമായി പൂരിപ്പിക്കൽ
അവതരണം
പൊതു ചർച്ച
മെച്ചപ്പെടുത്തി എഴുതൽ
പരിസരം മലിനമാക്കുന്ന കാര്യങ്ങൾ
പരിസര ശുചിത്വം ഇല്ലാതായാൽ വരാവുന്ന അസുഖങ്ങൾ പരിഹരിക്കാൻ ചെയ്യേണ്ടവ
വൃത്തിയില്ലാത്ത പരിസരം ആളുകൾക്ക് എന്തെല്ലാം പ്രയാസങ്ങളുണ്ടാക്കും ?
പരിഹരിക്കാനുള്ള നിർദേശങ്ങൾ പറയാം, എഴുതാം.

ശുചീകരണ ഉപകരണങ്ങളെക്കുറിച്ചുള്ള ചർച്ച
ചിത്രം വരക്കൽ

**ഉപകരണങ്ങൾ നിർമിക്കാം**

ഡെസ്റ്റർ, പൊടിതട്ടി , ചൂല് എന്നിവ നിർമിക്കൽ നിർമ്മാണം

**കഥ അഭിനയിക്കാം**

കുട്ടികളെ നാല് ഗ്രൂപ്പ് ആകുന്നു

പാഠഭാഗം നാല് കഥാ സന്ദർഭങ്ങളാക്കി കൊടുക്കുന്നു.

കഥാപാത്രങ്ങൾ അവർ ചെയ്യേണ്ട കാര്യങ്ങൾ , സംഭാഷണങ്ങൾ എന്നിവ ചർച്ച
അഭിനയിച്ചു നോക്കൽ ( റിഹേഴ്സൽ )

ഗ്രൂപ്പുകളുടെ അവതരണം

**എഴുതാം**
കുട്ടികളെ ഗ്രൂപ്പ് ആകുന്നു
ചിത്രനിരീക്ഷണം
അറിയിപ്പുകൾ വായന
മനുവും കൂട്ടുകാരും സ്കൂൾ പരിസരത്ത് എഴുതി ഒട്ടിച്ച ചില അറിയിപ്പുകൾ നോക്കൂ.,
ഇതുപോലുള്ള അറിയിപ്പുകൾ തയ്യാറാക്കി വിദ്യാലയ പരിസരത്ത് സ്ഥാപിക്കൂ..
അറിയിപ്പുകൾ നോട്ട്ബുക്കിൽ എഴുതൽ
ഗ്രൂപ്പിൽ അവതരണം ചർച്ച
മെച്ചപ്പെടുത്തിയവ നോട്ട്ബുക്കിൽ
ചാർട്ട് പേപ്പറിൽ അറിയിപ്പുകൾ എഴുതി പരിസരത്ത് സ്ഥാപിക്കൽ
**കടങ്കഥക്ക് ഉത്തരം എഴുതാം**
ആയിരം പേർക്ക് ഒരു അരപ്പട്ട - ചൂൽ കൈയിൽ കയറി മെയ്യിലൊളിച്ചു
-ചോറുരുള
കടങ്കഥകളുടെ ഉത്തരം ചർച്ച
**എന്തെല്ലാം രോഗങ്ങൾ**
പോസ്റ്റർ വായന
*ഏതൊക്കെ രോഗങ്ങളെപ്പറ്റിയാണ് പോസ്റ്ററിൽ പറയുന്നത് ?
*ഈ രോഗങ്ങൾ എങ്ങനെ ഉണ്ടാകുന്നു?
ചർച്ച
എല്ലാ രോഗങ്ങളും പകരുന്നവയാണോ ? നിങ്ങൾക്കറിയാവുന്ന രോഗങ്ങളുടെ പേരുകൾ എഴുതൂ...
പട്ടികപ്പെടുത്തൂ...
ഞാൻ ചെയ്യാറില്ല എന്തുകൊണ്ട്?
എന്തുകൊണ്ടാണ് ചിത്രത്തിൽ പറയുന്ന കാര്യങ്ങൾ ചെയ്യരുതെന്ന് പറയുന്നത് ? ചർച്ച
ക്രോഡീകരണം
**വായിക്കാം**
ബീനയുടെ ഡയറി വായിക്കൂ..,
നിങ്ങളുടെ ഇന്നത്തെ ഡയറി എഴുതൂ...

വ്യക്തിഗത രചന ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എഴുതൂ... വ്യക്തി ശുചിത്വം പരിസര ശുചിത്വം ഉപകരണങ്ങൾ വസ്തുക്കൾ

രാവിലെയും രാത്രിയിലും പല്ല് തേയ്ക്കണം ബ്രഷ് , പേസ്റ്റ്
**വായന**

**കഥയെഴുതാം**
നാട്ടിൽ വിളംബരം ചെയ്ത കാര്യങ്ങൾ ജനങ്ങൾ ചെയ്യുന്നുണ്ടോ? രാജാവ് വേഷം മാറി നടന്നു. ഒരു ദിവസം അദ്ദേഹം ഒരു വീടിനു മുന്നിലെത്തി. വീടും ചുറ്റുപാടും കണ്ട രാജാവിന്റെ മുഖം കോപം കൊണ്ട് ചുവന്നു.
കഥയുടെ ബാക്കി ഭാഗം എഴുതൂ..
തലക്കെട്ട് നൽകൂ....
**വായന ചെപ്പ്**
പാവനാടകം സ്വതന്ത്ര വായന
സംഭാഷണം പാവനാടകം ആയി അവതരിപ്പിക്കൽ
അവതരണം.